(ഡി) തിരുവനന്തപുരം എയർപോർട്ട് എമിഗ്രേഷൻ ഉദ്യോഗസ്ഥരിൽനിന്നും യാത്രക്കാർക്ക് മനഃപൂർവ്വമായ യാതൊരു ബുദ്ധിമുട്ടുകളും നാളിതുവരെ ഉണ്ടായിട്ടില്ല. എന്നാൽ യാത്രാരേഖകൾ കൃത്യമായി പരിശോധിച്ച് സംശയ ദൂരീകരണം വരുത്തിയതിനുശേഷം മാത്രമേ ക്ലിയർ ചെയ്യാറുള്ളൂ.

തലസ്ഥാനത്തെ മാലിന്യവിമുക്തമാക്കാൻ നടപടി

58 [776] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന, കിള്ളി ആറുകളും, പട്ടം, ഉള്ളൂർ, തെക്കനംകര, ആമയിഴഞ്ചാൻ തോടുകളും മനുഷ്യമാലിന്യങ്ങൾ കലർന്ന് മോഗാണുക്കളെ സൃഷ്ടിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പാർവ്വതി പുത്തനാറിലെയും ആക്കുളം കായലിലെയും അതിമൂക്ഷമായ മലിനീകരണത്തെ തുടർന്ന് പരിസരത്തെ കിണർവെള്ളം ഉപയോഗരഹിതമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തലസ്ഥാന നഗരത്തിലെ പ്രധാന ആശുപത്രികളിലെ ഖര/ജല മാലിന്യങ്ങൾ ജലസ്രോതസ്സുകളെ ബാധിക്കില്ലെന്ന് ഉറപ്പാക്കാൻ സുതാര്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ആശുപത്രി മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) മോട്ടോർ വാഹനങ്ങളുണ്ടാക്കുന്ന മലിനീകരണം നിയന്ത്രണ വിധേയമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(എഫ്) പ്ലാസ്റ്റിക് വ്യാപനം തടയുന്നതിനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുമോ;

(ജി) തലസ്ഥാന മേഖലയിലെ പരിസര ജലമലിനീകരണം നിയന്ത്രണവിധേയമാക്കാൻ എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(എച്ച്) തിരുവനന്തപുരം നഗരത്തിന്റെ മനോഹാരിത നിലനിറുത്താനും മലിനീകരണ സാദ്ധ്യതകൾ തടയാനും ഉന്നതതല സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. തലസ്ഥാന നഗരത്തിലെ ഗാർഹിക മലിനജല (സീവേജ്) ശേഖരണ-ശുദ്ധീകരണ-നിർമ്മാർജ്ജന സൗകര്യങ്ങളുടെ അപര്യാപ്തത നിമിത്തം തോടുകളും നദികളും മനുഷ്യ വിസർജ്ജ്യം നിമിത്തം മലിനപ്പെടുന്നതായി കണ്ടിട്ടുണ്ട്. മനുഷ്യ-മൃഗ വിസർജ്ജ്യത്തിൽ നിന്നുള്ള കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം ഈ ജലാശയങ്ങളിൽ ഉയർന്ന അളവിൽ കണ്ടിട്ടുണ്ട്. നഗരത്തിൽ ഏതാണ്ട് 25 ശതമാനം പ്രദേശത്ത് സീവേജ് ശേഖരണത്തിനായി ഭൂഗർഭ ഓട നിലവിലുണ്ടെങ്കിലും കുറ്റമറ്റ പമ്പിംഗ് സംവിധാനവും സീവേജ് ശുദ്ധീകരിക്കാനുള്ള ശാസ്ത്രീയമായ സംവിധാനവും നിലവിലില്ല. പമ്പിംഗ് സ്റ്റേഷനുകളിൽനിന്നും തൊട്ടടുത്ത തോടുകളിലേക്ക് സീവേജ്

LIBRARY ARCHIVES Kerala Legislative Assembly

കവിഞ്ഞൊഴുകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശേഖരിക്കുന്ന സീവേജ് മുട്ടത്തറയിലുള്ള സീവേജ് ഫാമിൽ പുല്ല് വളർത്താനാണ് ഉപയുക്തമാക്കുന്നത്. എന്നാൽ സീവേജിന്റെ അളവ് പതിൻമടങ്ങ് വർദ്ധിച്ചതിനാലും സ്ഥലത്തിന്റെ വിസ്തീർണ്ണം പര്യാപ്തമല്ലാത്ത തിനാലും ദീർഘകാലത്തെ സീവേജുമായുള്ള സമ്പർക്കം കാരണം മണ്ണിന്റെ നൈസർഗ്ഗികത നഷ്ടപ്പെട്ടതിനാലും ശരിയായ രീതിയിലുള്ള ശുദ്ധീകരണം നടക്കുന്നില്ല. ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത സീവേജ് ട്രീറ്റുമെന്റ് പ്ലാന്റ് സ്ഥാപിക്കുകയും നഗരത്തിലെ ശേഷിക്കുന്ന സ്ഥലത്തുകൂടി ഭൂഗർഭ ഓട ഉണ്ടാക്കി സീവേജ് ശേഖരണ സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. സാമ്പത്തിക പരിമിതികളാണ് ഈ നടപടി കൈക്കൊള്ളുന്നതിന് വിഘാതമായിട്ടുള്ളത്. ഈ പരിമിതികൾ തരണം ചെയ്യാൻ കേരള വാട്ടർ അതോറിറ്റി ശ്രമിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ഇത്തരത്തിൽ മലിനീകരണമുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാണ്.

(സി) ആശുപത്രികളിൽ നിന്നുണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ട സംവിധാനങ്ങൾ സമയബന്ധിതമായി ഉണ്ടാക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാരും, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും ചേർന്ന് കൈക്കൊണ്ടിട്ടുണ്ട്. 1998-ലെ ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് പ്രകാരം എല്ലാ ആശുപത്രികളേയും കൊണ്ട് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആതറൈസേഷൻ (അധികാരപത്രം) എടുപ്പിക്കാനും പ്രസ്തുത അധികാരപത്രത്തിൽ പറയുന്ന നിബന്ധനകൾ സമയബന്ധിതമായി പാലിക്കാനുമുള്ള ശ്രമം തുടരുന്നു. ഖരമാലിന്യ സംസ്കരണത്തിന് കഴിയുന്നതും പൊതുശുദ്ധീകരണ സംവിധാനം ഏർപ്പെടുത്താനാണ് ശ്രമിക്കുന്നത്. തെക്കൻ ജില്ലകളിലെ സർക്കാർ ആശുപത്രികളിൽ നിന്നുള്ള പൊതുഖര മാലിന്യ ശുദ്ധീകരണ സംവിധാനം ആലപ്പുഴ ജില്ലയിലെ നൂറനാട് സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. അപകടകാരികളും അണുവാഹി നികളുമായ ആശുപത്രി മാലിന്യം ശേഖരിച്ച് പ്രത്യേകമായി സജ്ജമാക്കിയിട്ടുള്ള ട്രക്കുക ളിൽ നൂറനാട്ടുള്ള പൊതുശുദ്ധീകരണ സംവിധാനത്തിൽ എത്തിച്ച് ശുദ്ധീകരണ ത്തിനുശേഷം നിർമ്മാർജ്ജനം ചെയ്യാനാണ് പദ്ധതി. തെക്കൻ ജില്ലകളിലെ സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള ഖരമാലിന്യങ്ങൾ സംസ്കരിക്കാനായി കൊല്ലത്ത് പാരിപ്പള്ളിയിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പൊതുശുദ്ധീ കരണ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രി കളിൽ ഉണ്ടാകുന്ന ദ്രവമാലിന്യങ്ങൾ അതാത് സ്ഥലത്ത് ശുദ്ധീകരണം നടത്താനും അണുവിമുക്തമാക്കി നിർമ്മാർജ്ജനം ചെയ്യാനുമുള്ള സംവിധാനങ്ങളും ഏർപ്പെടു ത്താനുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. ഇവ നടപ്പിൽ വരുന്നതോടെ ആശുപത്രി മാലിന്യ നിർമ്മാർജ്ജന ത്തിന് ഫലപ്രദമായ സംവിധാനങ്ങൾ നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ആശുപത്രി മാലിന്യ മലിനീകരണ നിയന്ത്രണത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഇ) രജിസ്റ്റർ ചെയ്ത് ഒരു വർഷം കഴിഞ്ഞ് 70 സിസി-യിൽ കൂടുതലുള്ള എല്ലാ വാഹനങ്ങളും പുകമലിനീകരണം നിശ്ചിത പരിധിക്കുള്ളിൽ ആയിരിക്കത്തക്കവിധം പരിപാലിക്കപ്പെട്ടിരിക്കണമെന്ന് മോട്ടോർ വാഹന നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്മോക്ക് മീറ്ററുകളും ഗ്യാസ് അനലൈസറുകളും ഉപയോഗിച്ച് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥൻമാർ വാഹനങ്ങളുടെ പുക പരിശോധിച്ച് പരിധി ലംഘിക്കുന്നവർക്കെതിരെ നിയമനടപടി എടുത്തുവരുന്നു. പുകപരിശോധനാ സർട്ടിഫിക്കറ്റുകൾക്ക് ആറുമാസമാണ് കാലാവധി. പുകപരിശോധനാ സർട്ടിഫിക്കറ്റുകൾ നൽകുവാനായി അംഗീകൃത പുകപരിശോധനാകേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. നിശ്ചിത അളവിനേക്കാൾ മലിനീകരണത്തിന്റെ തോത് കൂടുതലാണെങ്കിൽ ആവശ്യമായ പണികൾ ചെയ്ത് പുക നിയന്ത്രണവിധേയമാക്കി പരിശോധനാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഇങ്ങനെ ഏഴ് ദിവസത്തിനകം സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ലെങ്കിൽ ടി കുറ്റത്തിന് 1,000 രൂപയും കുറ്റം ആവർത്തിച്ചാൽ 2,000 രൂപയും പിഴ ചുമത്താവുന്നതാണ്.

(എഫ്) പ്ലാസ്റ്റിക് വ്യാപനം തടയുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. 1989-ലെ റീസൈക്കിൾഡ് പ്ലാസ്റ്റിക് മാനുഫാക്ചർ ആന്റ് യൂസേജ് റൂൾസ് പ്രകാരം 20 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികളുടെ ഉൽപ്പാദനവും ഉപയോഗവും ദേശവ്യാപകമായി നിരോധനം ഏർപ്പെടുത്തിയത് ഈ സംസ്ഥാനത്തും നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിന്റെ സവിശേഷതകളും നഗര മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള പ്രശ്നങ്ങളും കണക്കിലെടുത്ത് സംസ്ഥാനമൊട്ടാകെ 30 മൈക്രോണിൽ താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികൾക്ക് 1-9-2003 മുതൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവ് പ്രകാരം ഇപ്രകാരമുള്ള പ്ലാസ്റ്റിക് സഞ്ചികളുടെ ഉപയോഗം നിയന്ത്രിക്കാനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പോലീസ് വകുപ്പിനുമാണ്. നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്താനുള്ള ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്. കൂടാതെ ജനങ്ങളിൽ അവബോധം ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ജി) വിവിധ വകുപ്പുകളും ഏജൻസികളും നടപ്പാക്കേണ്ട നടപടികൾ ആലോചിച്ചുവരുന്നു.

(എച്ച്) തിരുവനന്തപുരത്ത് മലിനീകരണ സാദ്ധ്യതകൾ കുറവു ചെയ്യാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടി എടുത്തുവരുന്നു.

കുമരകം ബോട്ടപകടത്തിൽ മരിച്ചവർക്ക് സ്മാരകം

59 [777] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമരകം ബോട്ട് ട്രാജഡിയിൽ മരണമടഞ്ഞവരുടെ സ്മരണയ്ക്കായി എന്തെങ്കിലും സ്മാരകം നിർമ്മിക്കുവാൻ ഇറിഗേഷൻ വകുപ്പോ, ജലഗതാഗത വകുപ്പോ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എന്തു തരത്തിലുള്ള സ്മാരകം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ മതിപ്പ് ചെലവ് എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly